**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5250** **12-08-2021 - ൽ മറുപടിയ്ക്ക്**

**കെ.എഫ്.സി. വായ്പാ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എഫ്.സി. വായ്പാ നയം പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വായ്പ നയം പരിഷ്കരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 4500 കോടി രൂപയുടെ വായ്പ അനുമതി നൽകാനും 3400 കോടി രൂപ വായ്പാ വിതരണം നടത്തുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 50% MSME കൾക്കാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കോവിഡിന്റെ പശ്ചാത്തലത്തിൽ വ്യവസായ മേഖലയെ സഹായിക്കാനായി താഴെ പറയുന്ന പരിഷ്കാരങ്ങളാണ് കെ.എഫ്.സി പുതിയ വായ്പാ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 1) കെ.എഫ്.സി വായ്പകൾക്ക് RBI നിബന്ധനകൾക്ക് വിധേയമായുള്ള മോറട്ടോറിയവും തിരിച്ചടവ് പുന:ക്രമീകരണവും. 2) പ്രതിസന്ധിയിലായ ടൂറിസം, ചെറുകിട മേഖലകളിലെ വ്യവസായങ്ങൾക്ക് 20% അധിക വായ്പ. 3) കോവിഡ് പ്രതിരോധ ഉൽപ്പന്ന നിർമ്മാണ സ്ഥാപനങ്ങൾക്ക് 90% വരെ വായ്പ. 4) ചെറുകിട വ്യവസായം, ആരോഗ്യ പരിപാലനം, ടൂറിസം മേഖലയിലെ യൂണിറ്റുകളുടെ കുറഞ്ഞ പലിശ 9.5% ത്തിൽ നിന്ന് 8% മായി കുറച്ചു. ഉയർന്ന പലിശ നിരക്ക് 12% ത്തിൽ നിന്ന് 10.50% മായി കുറച്ചു. 5) സ്റ്റാർട്ടപ്പുകൾക്ക് 10 കോടി വരെ വായ്പ. 6) വ്യവസായ എസ്റ്റേറ്റിലെ യൂണിറ്റുകൾക്ക് പ്രത്യേക വായ്പാ പദ്ധതി. |
| (ബി) | ചെറുകിട സംരംഭകരുടെയും സ്റ്റാർട്ടപ്പുകളുടെയും പ്രൊപ്പോസലുകൾ കെ.എഫ്.സി. പാടേ അവഗണിക്കുന്നതായിട്ടുള്ള വാർത്ത പരിശോധിക്കുമോ; | (ബി) | ചെറുകിട സംരംഭകരുടെയും സ്റ്റാർട്ടപ്പുകളുടെയും പ്രൊപ്പോസലുകൾ കെ.എഫ്.സി. അവഗണിക്കുന്ന നയം സ്വീകരിക്കുന്നില്ല. സൂചന (എ) യിലെ ഉത്തരം ശ്രദ്ധിച്ചാലും. |
| (സി) | കെ.എഫ്.സി. യിൽ നിന്നും ലോൺ എടുത്തവരിൽ എത്ര ശതമാനം പേർ കൃത്യമായി തിരിച്ചടവ് നടത്തിയിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ? | (സി) | ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ